LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം

47(2901) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയമിച്ച കമ്മിറ്റിയും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ക്രമക്കേട് കണ്ടെത്തിയ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റ പട്ടിക റദ്ദാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപക സ്ഥലംമാറ്റംമൂലം അദ്ധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി ഡയറക്ടർ 21-9-2015-ൽ പുറപ്പെടുവിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലമാറ്റ ഉത്തരവിൽ ചില അപാകതകളും/ പിശകുകളും കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 29-9-2015-ലെ 52982/യു1/15/പൊ.വി. കത്ത് പ്രകാരം ടി സ്ഥലംമാറ്റ ഉത്തരവ് സർക്കാർ മരവിപ്പിക്കുകയുണ്ടായി.

(ബി) അദ്ധ്യയനം തടസ്സപ്പെടാതിരിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഹയർസെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

എച്ച്.എസ്.എസ്.ടി. കോമേഴ്സ് അദ്ധ്യാപക നിയമനം

48(2903) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.ടി.(കോമേഴ്സ്) ജൂനിയർ, സീനിയർ, തസ്തികകളിൽ പുതിയ ഒഴിവുകൾ, എൻ.ജെ.ഡി. എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വകുപ്പ് തലവൻമാർ പ്രസ്തുത തസ്തികയിൽ എൻ.ജെ.ഡി. ഉൾപ്പെടെയുള്ള വിവിധ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?